## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4203** **21.07.2015 ൽ മറുപടിയ്ക്ക്**

### പച്ചക്കറി, പഴം എന്നിവയുടെ രാസ പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തിക്കുന്ന വിവിധയിനം പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയിൽ തളിയ്ക്കുന്ന വിഷം കേരളീയർക്ക് അർബുദ രോഗം വരുത്താൻ ഇടയാക്കുന്നവെന്ന തരത്തിൽ വന്നിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ഇതു സംബന്ധിച്ച ശാസ്ത്രീയ പരിശോധനകൾ എന്തെങ്കിലും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ടോ ; | (ബി) നാം നിത്യേന ഉപയോഗിക്കുന്ന പച്ചക്കറികൾ അന്യ സംസ്ഥാനത്ത് നിന്നും വരുന്നതാകയാൽ അവയിൽ കീടനാശിനി അവശിഷ്ടം അനുവദനീയമായതിൽ കൂടുതൽ അളവിലുണ്ടോ എന്ന് പരിശോധിച്ചറിയുന്നതിന് കൃഷി വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് 2013 മുതൽ സേഫ്റ്റ് ഈറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പച്ചക്കറി സാമ്പിളുകൾ ശാസ്ത്രീയമായി പരിശോധിച്ച് ഫലം മൂന്ന് മാസത്തിലൊരിക്കൽ കേരള സർക്കാരിന്റെ www.keala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | വിഷം തളിച്ച പച്ചക്കറികളുടെ കേരളിത്തിലേക്കുള്ള ഇറക്കുമതി തടയുന്നതിന് കൃഷി വകുപ്പ് ചെക്ക്‌പോസ്റ്റുകളിൽ പരിശോധന നടത്താറുണ്ടോ; ഇത്തരം പരിശോധനകൾക്കായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഏതൊക്കെ ചെക്ക്‌പോസ്റ്റുകളിലാണ് ഈ സംവിധാനങ്ങൾ ഉള്ളത് ; | (സി) & (ഡി) | ഇല്ല. |
| (ഡി) | ഇത്തരം പരിശോധന വഴി വിഷം തളിച്ചവയെന്ന് കണ്ടെത്തിയ പച്ചക്കറികളും, പഴങ്ങളും കൊണ്ടുവരുന്നവർക്കെതിരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | | |
| (ഇ) | കേരളത്തിലെ വിവിധ പച്ചക്കറി, പഴം, വിൽപനശാലകളിൽ എത്തിക്കുന്ന ഇവയുടെ പരിശോധനയ്ക്കായി പ്രത്യേക സ്ക്വാഡിനെ കൃഷി വകുപ്പ് നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ; | (ഇ) | കൃഷി വകുപ്പ് പച്ചക്കറി, പഴം, വില്പനശാലകളിൽ എത്തിക്കുന്നവയുടെ പരിശോധനയ്ക്കായി പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടില്ല. എന്നാൽ സേഫ്റ്റ് ഈറ്റ് പദ്ധതിപ്രകാരം കാസർഗോഡ്, തിരുവനന്തപുരം എന്നിവിടങ്ങളിലെ പച്ചക്കറിച്ചന്തകൾ സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പരിശോധിച്ച് ഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. |
| (എഫ്) | കേരളത്തിലെ ഓരോ വീടുകളിലും ഇത് സംബന്ധിച്ച സന്ദേശമെത്തിക്കുന്നതിനും, ജൈവ പച്ചക്കറി-പഴവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പ് മുഖേന സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ? | (എഫ്) | ജൈവ പച്ചക്കറി കൃഷി സംബന്ധിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'സുരക്ഷിത പച്ചക്കറി കൃഷിക്ക് ഒരു മാർഗ്ഗരേഖ' എന്ന കൈപുസ്തകവും ജൈവ പച്ചക്കറി കൃഷിയെപ്പറ്റി തയ്യാറാക്കിയ ലഘുലേഖകളും കർഷകർക്കും വിദ്യാർത്ഥികൾക്കും ജൈവ കൃഷിരീതിയിലുള്ള അറിവ് പകർന്നു നല്കുന്നതിനായി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിലും |

ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും കർഷകർക്കായി പരിശീലന പരിപാടികൾ, സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്കുള്ള പരിശീലന പരി പാടികൾ എന്നിവയും നടത്തിവരുന്നുണ്ട്. ഇതോടൊപ്പം വീട്ടമ്മമാർക്കും, സ്കൂൾ വിദ്യാർത്ഥികൾക്കും സൗജന്യമായി പച്ചക്കറി വിത്ത് കിറ്റുകളും കൃഷി വകുപ്പ് മുഖേന നല്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**